**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **13-07-2022 - ൽ മറുപടിയ്ക്ക്**

**എയിഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 18.11.2018 ലെ സ.ഉ(പി)നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i),(ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4 ശതമാനം എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ(പി) നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07.02.1996 മുതൽ 18.04.2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19.04.2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 07.02.1996 മുതൽ 18.04.2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും, 19.04.2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക് ലോഗ് കണക്കാക്കി നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം.111/2022/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന 19808/21നമ്പർ റിട്ട് പെറ്റീഷന്റെ അന്തിമ വിധിന്യായം അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക് ലോഗ് ഒഴിവുകൾ കണക്കാക്കണം എന്ന നിർദ്ദേശം സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് പാലിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 1996 മുതലുള്ള നിയമനം പരിശോധിച്ച് ബാക്ക് ലോഗ് തയ്യാറാക്കുന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. മാനേജ്മെന്റുകൾക്ക് ബാക്ക് ലോഗ് തയ്യാറാക്കാൻ കൂടുതൽ സമയം അനുവദിക്കേണ്ടതായി കാണുന്നു. മാത്രമല്ല, പ്രസ്തുത വിഷയത്തിന്മേൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 19808/2021 പ്രകാരം റിട്ട് പെറ്റീഷൻ നിലനിൽക്കുന്നു. ആയതിന്റെ അന്തിമ |

| | | | |
|---|---|---|---|
| | | | വിധിന്യായം അനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | സംസ്ഥാനത്ത് കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എയിഡഡ് സ്കൂളുകളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക് ലോഗ് ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിയിട്ടുണ്ടോ; ഈ സ്കൂളുകളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ